little KITEs

# നവധ്വനി

## ഡിജിറ്റൽ മാഗസിൻ 2019

### ജി.ജി.എച്ച്എസ്.എസ്. മഞ്ചേരി



ജി.ജി.എച്ച്.എസ്.എസ്. മഞ്ചേരി
മഞ്ചേരി ബസാർ പി.ഒ.
മഞ്ചേരി
മലപ്പുറം ജില്ല - 676121
ഫോൺ : 04832766754
E-mail: gghssmanjeri@gmail.com



പ്രിയപ്പെട്ടവരെ,

വിവരസാങ്കേതിക വിദ്യയിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരമൊരു മാഗസിൻ ഏറെ പ്രാധാന്യം അർഹിക്കുന്നു.

ഡിജിറ്റൽ മാഗസിന്റെ പ്രവർത്തനത്തിൽ പങ്കാളികളായ എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ആശംസകളോടെ,

ബിന്ദേശ്വർ പി. എ.
ഹെഡ്മാസ്റ്റർ
ജി.ജി.എച്ച്.എസ്.എസ്. മഞ്ചേരി

# സന്ദേശം



സി. പി. മുസ്തഫ
പി.ടി.എ. പ്രസിഡന്റ്

വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ മഞ്ചേരി ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന നവധ്വനി ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സി. പി. മുസ്തഫ
പി.ടി.എ. പ്രസിഡന്റ്
ജി.ജി.എച്ച്.എസ്.എസ്, മഞ്ചേരി

# സന്ദേശം

ലിറ്റിൽ കൈറ്റ്സിന്റെ കൂട്ടിക്കൂട്ടം പുറത്തിറക്കുന്ന
ഈ മാഗസിൻ പുതിയ മാറ്റങ്ങൾക്ക്
കാഹളമൂതുന്ന നവധ്വനിയാകട്ടെ
എന്ന് ആത്മാർത്ഥമായി ആംശംസിക്കുന്നു.

**ആമിനാ ബീഗം കെ. എം.**
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്

ഭാവനയുടെ സർഗവസന്തം പൂത്തുലയുന്ന നവധ്വനിക്ക്
കാതോർത്തുകൊണ്ട് ആശംസകളുടെ
തോരാമഴ... എന്നും എപ്പോഴും..

**സാദിഖ് അലി കെ. ടി.**
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

# താളുകളിലൂടെ.....


| | | |
|---|---|---|
| 1 | അമ്മ - കഥ | 7 |
| 2 | ഒരു കാലം വരും - കവിത | 9 |
| 3 | പറന്നുയരും മുമ്പേ - കഥ | 10 |
| 4 | My Mother – English Poem | 12 |
| 5 | ഹിന്ദി - കഥ | 13 |
| 6 | ഉറുദു കീ കഹാനി - ഉറുദു കവിത | 14 |
| 7 | Bleeding Heart – English Poem | 15 |
| 8 | സ്വപ്നമുണ്ട് കുട്ടായി - കഥ | 16 |
| 9 | മാഷേ - കഥ | 17 |
| 10 | ധ്രുവങ്ങൾ - കവിത | 19 |
| 11 | World is not a Wish... | 20 |
| 12 | സുഭഹ് - ഉറുദു കവിത | 21 |
| 13 | ഓർമ്മകൾ - കവിത | 22 |
| 14 | ഹിന്ദി കവിത | 23 |
| 15 | അറബിക്ക് - കഥ | 24 |
| 16 | ആരാണ ശരികൾ - കവിത | 25 |
| 17 | അറബിക്ക് - കവിത | 26 |
| 18 | ഉറുദു - കവിത | 27 |
| 19 | കാത്തിരിപ്പ് - കവിത | 28 |
| 20 | ലിറ്റിൽ കൈറ്റ്സ് ഉദ്ഘാടനം | 29 |
| 21 | എസ്.എസ്. എൽ.സി വിജയാഘോഷം | 30 |
| 22 | മികവുകൾ | 31 |
| 23 | മികവിന്റെ പ്രവർത്തനങ്ങൾ | 32 |
| 24 | കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങൾ | 33 |

# അമ്മ

- സയ്യിദത്ത് ഫാത്തിമത്തുൽ മഹ്ദിയ്യ
7 C

ആ രാത്രി അയാൾ ചായ ഉണ്ടാക്കുകയായിരുന്നു. ആ ചായയുമായി അയാൾ എല്ലാവരുടേയും അടുത്തെത്തി,എല്ലാവർക്കും ചായ നൽകി. ഒപ്പം വടയും. അയാൾക്ക് അവിടെയുള്ള എല്ലാവരുടേയും ജീവിത കഥ അറിയാമായിരുന്നു. പക്ഷേ,ഒരാളൊഴികെ. അയാൾ ആ മൂലയിൽ ഇരിക്കുന്ന ആ സ്ത്രീക്ക് നേരെ തന്റെ കൈ നീട്ടി ചായ കൊടുത്തു. ഉണങ്ങി,മെലിഞ്ഞ്,ചുളിഞ്ഞ് ആ കൈകൾ ചായ വാങ്ങി. അപ്പോൾ ആ അമ്മയുടെ കൈകൾ വിറക്കുന്നുണ്ടായിരുന്നു. ആ നിമിഷം തന്റെ അമ്മയെ കുറിച്ച് അയാൾ ഓർത്ത് പോയി. വർഷങ്ങൾക്ക് മുമ്പ് തന്റെ അമ്മയുടെ ലാളനയും സ്നേഹവും മറന്ന് പോയിരുന്ന അയാൾ. തന്റെ കുട്ടിക്കാലത്ത് അമ്മ ആറ്റിൽ വീണ് മരിക്കുകയായിരുന്നു. അയാൾ ആ അമ്മയോട് ചോദിച്ചു; എങ്ങനെ ഇവിടെ എത്തിയത് ? നിങ്ങൾക്ക് ആരുമില്ലേ ? മക്കൾ എവിടെ ?.... അത്ര ചോദിച്ചപ്പോഴേക്കും ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞ് ഒഴുകുന്നുണ്ടായിരുന്നു. മഴ കോരിച്ചൊഴിയുന്നു. ആ സ്ത്രീ ജാലകത്തിലൂടെ നോക്കി. അവർ തന്റെ പഴയ ഓർമ്മച്ചെപ്പിലൂടെ കടന്നു പോയി. "ഒരു നീണ്ട യാത്ര പോലെയായിരുന്നു എന്റെ ജീവിതം. എന്നെയും എന്റെ 6 മക്കളേയും തനിച്ചാക്കി അദ്ധേഹം ഈ ലോകത്തോട് വിട പറഞ്ഞു. 4 ആണും 2 പെണ്ണും ആയിരുന്നു. ഞാൻ കൂലി വേല ചെയ്ത് എന്റെ മക്കളെ വാത്സല്യവും സ്നേഹവും നൽകി വളർത്തി. 2 പെൺ മക്കൾക്കും വിവാഹപ്രായമെത്തി. അവരെ പറഞ്ഞയച്ചു."

പിന്നെ ഒരു ദീർഘശ്വാസം വലിച്ച് ആ സ്ത്രീ തുടർന്നു; "ആൺ മക്കളുടേയും വിവാഹം കഴിഞ്ഞു. മരുമക്കൾ എന്നെ അവിടെ ഒരു വേലക്കാരിയായി കണ്ടു. അലക്കാൻ, അകം തുക്കാൻ, പാത്രം കഴുകാൻ, എല്ലാത്തിനും ഒരു വേലക്കാരി എന്ന നിലയിലായിരുന്നു. എന്റെ മക്കൾക്കും മരുമക്കൽക്കും എന്ത് പറ്റി എന്നറിയില്ല. എന്നെ തറയിൽ കിടത്തും,വലിച്ച് എഴുന്നേൽപ്പിക്കും, ഒരു സ്വാതന്ത്ര്യവുമില്ല. ഞാനെപ്പോഴും ദൈവത്തോട് പ്രാർത്ഥിക്കും "ഇങ്ങനെ ഒരു വിധി ആർക്കും വരല്ലെ എന്ന്...... മക്കൾ വലിയ കോടീശ്വരന്മാരായി മാറി അവർ എന്നെ ഒരു ചപ്പ് ചവറായി കണ്ടു. പുറത്തേക്ക് വലിച്ചെറിഞ്ഞു. ഞാൻ ഒറ്റക്ക് ഒരു പെരുവഴിയിലായി. അങ്ങനെ ഇവിടെ എത്തി." ഇത്ര

പറഞ്ഞ ശേഷം അവിടെ ഒരു കണ്ണീർ പുഴയായി മാറി. അയാൾക്ക് കണ്ണീർ അടക്കാൻ - കഴിഞ്ഞില്ല. കണ്ണീരൊഴുക്കി ആ സ്ത്രീ പറഞ്ഞു: "ഒരമ്മക്ക് പത്ത് മക്കളെ നോക്കാൻ ഒരു പണിയുമില്ല. പത്ത് മക്കൾക്ക് ഒരമ്മയെ നോക്കാൻ വലിയ ബുദ്ധിമുട്ട് ആണ്. ഞാൻ ഇവിടെ 10 വർഷമായി വന്നിട്ട്. ഇത് വരെ എന്റെ ഒരു മക്കളും എന്നെ തിരക്കി വന്നിട്ടില്ല."

വർഷങ്ങൾ കടന്നു പോയി....

"അതാ ഒരു പുതിയ അതിഥി" പ്യൂൺ വിളിച്ച് പറഞ്ഞു. എല്ലാരും ആ അതിഥിയെ സ്വീകരിച്ചു. ആ സ്ത്രീക്ക് അവരെ എവിടെയോ കണ്ടപരിചയം തോന്നി. പക്ഷേ, മനസ്സിലായില്ല. ആ അതിഥി തന്റെ അടുത്ത് വന്നിരുന്നു. തന്നോട് പേര് ചോദിച്ചു. അറിയാതെ ഒന്ന് സ്പർശിച്ചു. പെട്ടെന്ന് തന്റെ പഴയ ജീവിതത്തിലേക്ക് ചിന്തിച്ച് പോയി. ഓർമ്മ വന്നു. അതെ.....തന്റെ മൂത്ത മകൾ! തന്റെ അവസ്ഥ തന്റെ മക്കൾക്കും എത്തിയെന്ന് അവർക്ക് മനസ്സിലായി. ആ സ്ത്രീ സ്നേഹത്തോടെ വിളിച്ചു : "മോളേ...." അവർ തിരിഞ്ഞു നോക്കി. ആ സ്നേഹ വിളി, എവിടെയോ കേട്ട പരിചയം. ആ..... ഓർമ്മ വന്നു. തന്റെ അമ്മ! രണ്ട് പേർക്കും സന്തോഷം അടക്കാൻ കഴിഞ്ഞില്ല. അവർ രണ്ട് പേരും സ്നേഹത്തോടെ കെട്ടിപ്പിടിച്ചു. അവരുടെ സ്നേഹത്തിനു മുന്നിൽ മറ്റുള്ളവർ സാക്ഷികളായി നിന്നു....

# ഒരു കാലം വരും

അജ്ഞിമ വി. കെ
9 ബി

ഒരു കാലം വരും;
അന്നില്ല ഭുവിലീ അല്പരൻ,
നാഴില്ല ഒരു കാട്ടാളനായ്,
ചിതറില്ല ഇടയബാലിക തൻ-
മാനം തത ജീവൻ

ഒരു കാം വരും;
പൊഴിയില്ല പൈതലിൻ ജീവൻ;
കെടില്ല കാവിലെ ശോഭ,
ഇല്ല ഖിജകൻ ഭീമൻ ;
പാടാത്ത പാട്ടാണിവ .

ഒരു കാലം വരും;
ജീവിക്കും യഥാർത്ഥ മനുഷ്യ-
നവനില്ലല്ല കളങ്കം ഡംബം ക്രൗര്യം .

ഒരു കാലം വരും;
അരുക്കപ്പെടില്ല ഒരു അബ്ദുള്ളയും-
തൻ അന്നത്തിന്റെ പേരിൽ.

ഒരു കാലം വരും;
നീതി ലഭിക്കും മനുവിനുമഭിമന്യുവിന-
മാസിഫക്കും ജീവിക്കും അവർ സ്വഭാമാത്തോടെ.

ഒരു കാലം വരും;
ഞാൻ ജീവിക്കും;
ഞാൻ അതിജീവിക്കും,

ഞാൻ പ്രതീക്ഷിക്കുമാക്കാലത്തി;
ലില്ല ഈഭൂനിലസുരൻ;
വാഴില്ലൊരു കാട്ടാളൻ.

# പറന്നുയരും മുമ്പേ

ഷിഫ്ന
9.F

"ഇനിയും ആരൊക്കെയാണ് പരീക്ഷാഫീസ് അടക്കാത്തത്?"
സൗദ ടീച്ചറുടെ ശബ്ദം കനത്തു.

മുഖം താഴ്ത്തി ഒരു ലജ്ജയോടെ പാർവതി എണീറ്റു. അവൾക്കൊപ്പം ഒന്ന് രണ്ട് പേരുമുണ്ടായിരുന്നു. പാർവതിക്ക് എന്ത് കൊണ്ടോ മുഖം ഉയർത്തി നിൽക്കാൻ പ്രയാസം തോന്നി ഒരു ലജ്ജയോടെ!

"എന്താ ഞാനിന്നലെ നിർബന്ധമായും കൊണ്ട് വരാൻ പറഞ്ഞില്ലായിരുന്നോ ?"

"ടീച്ചർ മറന്നു പോയി." രോണവും രേഷ്മയും പറഞ്ഞു. പാർവതിയോട് ടീച്ചറുടെ ചോദ്യം ഗൗരവമേറി. അവൾക്കതിന് മറുപടി പറയാൻ കഴിഞ്ഞില്ല. ഇല്ലായ്മകളും നൊമ്പരങ്ങളും അറിഞ്ഞ ആ ലോകം അവളുടെ മുഖത്ത് മിന്നി മാറുന്നത് ആർക്കും മനസ്സിലായിരുന്നില്ല. "ങാ...നാളെ കൊണ്ടു വരണം ട്ടൊ പാറൂ..." ആ ചോദ്യത്തിനും അവൾക്ക് മൗനം മാത്രമേ സമ്മാനിക്കാനായുള്ളൂ. മറ്റുള്ള കുട്ടികളുടെ പരിഹാസച്ചിരി അവൾക്ക് ഊഹിക്കാവുന്നതിനും അപ്പുറമായിരുന്നു. അന്ന് പാറുവിന് ശ്രദ്ധിക്കാനായില്ല. 'ഒരു ഡോക്ടർ ആവണം, അമ്മയുടെയും അച്ഛന്റെയും കണ്ണുനീർ സന്തോഷം കൊണ്ടാവണം.'പിന്നീട് ബെല്ലടിക്കുമ്പോഴാണ് സ്വപ്നലോകത്ത് നിന്നും അവൾ എഴുന്നേൽക്കുന്നത്. പുസ്തകം മാറോട് ചേർത്ത് സ്കൂളിൽ നിന്നും അവൾ പുറത്തിറങ്ങി. നടപ്പാതയുടെ അരികിലൂടെ അവൾ നടക്കുന്നു. അപ്പോഴാണ് ടീച്ചറുടെ കനത്ത വാക്കുകൾ അവളുടെ മനസ്സിൽ തട്ടിയത്. എങ്ങനെ ഫീസ് അടക്കും. അച്ഛനോട് ചോദിക്കുന്ന കാര്യം സഹിക്കാനാവുന്നില്ല. എന്നാൽ തരാതിരിക്കില്ല. മകൾ ഡോക്ടർ ആവുന്നതിനെ കുറിച്ച് പ്രത്യാശയുടെ സ്വപ്നം കാണുകയാണ് അച്ഛനും അമ്മയും. ജോലി കഴിഞ്ഞ് ക്ഷീണിച്ച് വരുന്ന അച്ഛന്റെ മുഖം അവളുടെ മനസ്സിൽ തെളിഞ്ഞു. ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു ആ മുഖത്ത്. നനവാർന്ന മിഴികൾ തുടച്ച് കൊണ്ട് നടത്തം കുറച്ച് വേഗത്തിൽ ആക്കി. വീടിന്റെ പാതി രൂപം കാണാമായിരുന്നു. പൂമുഖത്ത് അച്ഛൻ നിൽക്കുന്നുണ്ടായിരുന്നു. എന്തോ ഒരു പ്രത്യേകത പോലെ. "മോളേ... നിന്റെ പരീക്ഷ ഫീസിന്റെ കാര്യം അച്ഛനോട് നീ എന്താ പറയാതിരുന്നത്? ഈ അച്ഛന് അതിന് കഴിയില്ല എന്ന് കരുതിയാണോ ?" ആ ചോദ്യത്തിൽ എന്തോ ഒരു പതറൽ പോലെ. ആ കണ്ണുകളിൽ കണ്ണുനീർ നിറയുന്നുണ്ടായിരുന്നു. അവൾ അച്ഛനെ ചെന്ന് കെട്ടിപ്പിടിച്ച് കരഞ്ഞു. സ്നേഹ

ചുംബനങ്ങളാൽ ആ അച്ഛനും മകളും സ്വപ്നങ്ങളുടെ ലോകം കാണുന്നുണ്ടായിരുന്നു. "എന്റെ മോളേ... നീ വിജയിക്കും." ആ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു. അന്ന് രാത്രി സൗദ ടീച്ചറുടെ വാതിലിൽ ഒരു മുട്ടൽ; ട്ടും... ട്ടും.. ട്ടും... "ടീച്ചറേ... ടീച്ചറേ..
ഞാൻ പാറുവിന്റെ അച്ചനാണ്. ഇതാ മോൾടെ ഫീസ്. എന്റെ മോൾ എങ്ങനെയാ ടീച്ചറേ?"

ടീച്ചർ ഒന്ന് നിശ്വസിച്ച് കൊണ്ട് ; "അവൾ മിടുക്കിയാ ട്ടോ..." "ന്റെ മോളെ ഒരു ഡോക്ടർ ആക്കണം ട്ടോ..." അച്ചൻ അവിടെ നിന്നും പടിയിറങ്ങി. ആ മനുഷ്യനെ നോക്കിക്കൊണ്ട് സൗദ ടീച്ചർ അങ്ങനെ നിന്നു. പിറ്റേന്ന് പരീക്ഷയായിരുന്നു. പാറു നേരത്തേ ഉണർന്നു പഠിക്കാനിരുന്നു. ഡോക്ടർ ആവണം എന്ന് അവൾ മനസ്സിൽ അറിയാതെ പറഞ്ഞ് കൊണ്ടിരുന്നു. അച്ചന്റെയും അമ്മയുടെയും അനുഗ്രഹം വാങ്ങി അവൾ യാത്ര ചൊല്ലി.

സൗദ ടീച്ചർ അവളെ നോക്കി കൊണ്ടേയിരുന്നു. ആ അച്ചൻ രാത്രി വന്നതിന്റെ അർത്ഥം ആലോചിച്ച് കൊണ്ടിരുന്നു. അവൾ വളരെ വിശ്വാസത്തോടെ പരീക്ഷ എഴുതി. അച്ചനെ കാണാനുള്ള മനസ്സിലെ ആ തിടുക്കം അവളെ വളരെ ആനന്ദിപ്പിച്ചു. പുസ്തകം എടുത്ത് വീട്ടിലേക്ക് ഓടുന്നതിനിടെ എല്ലാവരുടേയും കണ്ണുകൾ അവളുടെ മേൽ ഇരയാക്കി. അറിയാതെ എന്ത് കൊണ്ടോ അവളുടെ കണ്ണുകൾ നിറഞ്ഞു. വീട്ടിൽ അച്ചന്റെ ശരീരം നിശ്ചലമായിരിക്കുന്നു. അവളുടെ ആ കണ്ണുകൾ നിറഞ്ഞ് തുളുമ്പുന്നു. നിറക്കണ്ണുകളോടെ അവൾ പറഞ്ഞു കൊണ്ടേയിരുന്നു ; "അച്ചാ... ദേ അച്ചന്റെ മോൾടെ പരീക്ഷ കഴിഞ്ഞു. എളുപ്പമായിരുന്നു ട്ടോ. അച്ചാ... നോക്കു അച്ചാ." ആ കണ്ണുകൾ നിറഞ്ഞ് തുളുമ്പുന്നു. "അച്ചന്റെ സ്വപ്നം ഞാൻ നിറവേറ്റുന്നതിന് മുമ്പേ പോയോ അച്ചാ..."

# MY MOTHER

Raniya
9 G

Works day and night
Has gone through many fights
Kitchen was her only time
Self care was not in her mind

I woke up every morning
To see the face of glory
She is the one who cares

When every one are against.
There is only one shining star
Which lights up my soul
And that's my mother.

# राजभाषा और संपर्क भाषा: हिंदी का दोहरा दायित्व

जय श्री

राजभाषा का सामान्य अर्थहै राजकाज की भाषा अर्थात भाषा जिसके द्वारा राजकीय कार्य किए जा सके l दूसरे शब्दों में किसी देश अथवा राष्ट्र में प्रशासनिक व्यवस्था के लिए जिस भाषा का प्रयोग किया जाता है उसे जांच भाषा कहते हैं l

हिंदी भारतवर्ष की राजभाषा है अर्थात शासन के कार्य में प्रयुक्त होने वाली भाषा l स्वतंत्रता प्राप्ति के पश्चात भारतीय संविधान के अंतर्गत हिंदी को राजभाषा का स्थान प्राप्त हुआ l राजभाषा हिंदी के इस पद पर पहुंचने के पीछे भाषाओं का संघर्ष व आंदोलन है

14 सितंबर 1949 को भारत के संविधान में हिंदी को राष्ट्रभाषा राजभाषा घोषित कर दिया गया l संविधान के अनुच्छेद के 343(1) के अनुसार. हिंदी संघ की राजभाषा है अनुच्छेद के 343(2) के अनुसार संविधान के लागू होने के 15 वर्ष की अवधि तक अर्थात अनुसार 25 जनवरी 1965 तक रखने की व्यवस्था की गई थी राजभाषा हिंदी के प्रचार प्रसार के लिए सरकार ने अनेक कार्यक्रम निश्चित किए हैं

हिंदुस्तान एक ऐसा बहु भाषा भाषी देश है जिसकी भाषा समस्या काफी उलझी हुई है संविधान स्वीकृत भाषाओं के बीच हिंदी को राष्ट्रभाषा बनाने की बात आती है हिंदी की क्षमता और हिंदी भाषाओं की संख्या हिंदी को केवल भारत की संपर्क अक्षर या राष्ट्रभाषा नहीं बल्कि राष्ट्र संघ की भाषा बनाने के योग्य हैl

सांस्कृतिक महिमा और सांस्कृतिक अभिव्यक्ति की दृष्टि से हमारी सभी भाषाएं समान है l अनेक कारणों से हिंदी को अपने देश की प्रयोजनमूलक भाषा के रूप में स्वीकार किया गया है l यद्यपि हमारे देश के विभिन्न भागों में अनेक भाषाएं बोली जाती हैं , फिर भी हिंदी हमारे देश की एक ऐसी भाषा है जो सर्वाधिक विस्तृत क्षेत्र में बोली जाती है l देश के संपूर्ण क्षेत्रफल के 60% से अधिक भूभाग में हिंदी बोली जाती है और उसके व्यापक रूप को समझते हुए ही इसे सारे देश ने एकात्मता के लिए उचित स्थान प्रदान किया है l

राजा राम मोहन राय के अनुसार , "हिंदी में अखिल भारतीय भाषा की क्षमता है हिंदी में एक संगठित करने की शक्ति है हिंदी द्वारा सारी भारत को एक सूत्र में पिरोया जा सकता है" I

खड़ी बोली से ऊपर उठकर दुनिया भर की एक ऐसी विकसित साहित्यिक भाषा बनी जिसकी सरलता इसकी विशेषता बनी और उसकी बराबरी करने की क्षमता किसी में भी नहीं हैl

हिंदी राष्ट्र भाषा संपर्क भाषा और प्रयोजनमूलक भाषा के रूप में स्वीकृत हुई। भाषा का प्रयोग जब यातायात व्यवस्था एवं राज नया सैनिक शिविर प्रौद्योगिकी आदि क्षेत्र में प्रवेश पाने पर ही एक देश की सांस्कृतिक अभिव्यक्ति का और रचनात्मक साहित्य में प्रवेश की उसकी मान्यता का आधार है। भाषा वही जीवित रहती है जो जनता द्वारा प्रयुक्त होती है। हिंदी राजकाज की भाषा ही नहीं हमारी सांस्कृतिक विरासत की संदेश वाहिका भी है शासकीय भाषा सरल और शुद्ध होनी चाहिए भावात्मक एकता बनाए रखने के लिए हिंदी विभिन्न क्षेत्रीय भाषाओं के शब्दों के प्रयोग कर हिंदी भाषा को और अधिकसमृद्ध बना रही है।

# اردو کی کہانی

میں اردو ہوں۔میری پیدائش ہندوستان میں ہوئی۔میرا بچپن مغل دربار می تھا۔میری آواز بہت سندر اور میٹھی تھی۔اسلیے میں سب کو پیارا تھا۔

آج میں ساری ہندوستان میں کافی مشہور تھی۔

ہندی فلموں میں میرا گیت ہے۔eg

خدا سے منت ہے میری......لوٹا دو جنت وہ میری

میرے پاس 35 حروف ہیں۔28 عربی،4 فارسی اور 3 ہندوستانی۔آج کیرالا کے اسکولوں،کالجوں میں بھی میں پڑھائی جاتی ہوں۔

ا ب پ ت ٹ ث ج

چ ح خ د ڈ ذ ر ڑ

ز

# BLEEDING HEART


**Saidalavi Annarathodika**

**I travelled through villages**
**There I could see boys and girls**
**Peeping anxiously into their mobiles**
**Their fingers searching for girls and boys.**

**Just a glance into their mobiles**
**Caused my eyes wash thrice**
**They didn't see me or the world around**
**They were searching their own pleasure around the world.**

**I travelled through the cities**
**All the youngsters are in their own world**
**They never see the calamities**
**They need to change the world for their own.**

**What can we call such boys and girls?**
**They named themselves as the new gen.**
**The fashion is their passion**
**The Evil is their fable.**



**I could see the chewing youth**
**But my mouth is sealed to ask what**
**Now the children are the masters and mistresses**
**The teachers and parents are helpless creatures.**

**Oh! My grand grandparents**
**How we loved you when we were young !**
**Please don't come back to see the love**
**Our children show towards us now.**

**I implore the world around me**
**To limit the fabulous freedom of our youth**
**I cringe the authorities**
**To teach our new gen the basic lessons of life .**

**Oh my youth use your energy**
**Your wisdom, your spirit**
**Not to give name and fame to your parents**
**But to console their bleeding heart.**

**Live a life bestowed to you**
**Throw away the wicked drugs**
**Your parents are not blaming you**
**But they are praying for you.**

# സ്വപ്നമുണ്ട് കുട്ടായി

അനുശ്രീ
10 H

ചെറിയൊരു ചുടുചുംബനം. കണ്ണ് തിരുമ്മി നോക്കിയപ്പോൾ അമ്മ.

"ഹാപ്പി ബർത്ത് ഡേ അമ്മു."

ഇന്ന് എന്റെ പിറന്നാളാണെന്ന കാര്യം ഞാൻ മറന്നു.

"താങ്ക്സ് അമ്മേ."

തണുപ്പ് എന്നെ വലയം ചെയ്തുകൊണ്ടിരുന്നു.പുതപ്പെടുത്ത് വലിച്ച് വീണ്ടും മൂടി പുതച്ച് കിടന്നു.

"അമ്മൂ, എണീറ്റേ..... അമ്പലത്തിൽ പോണ്ടേ, എണീക്ക്."

പുതപ്പ് വലിച്ച് മാറ്റി അമ്മ വിളിച്ചു. ചുരുണ്ട് കിടന്ന് ചിണുങ്ങി കൊണ്ട് ഞാൻ ചോദിച്ചു :

"അമ്മ എന്നെ എടുക്കോ ?"

"അയ്യേ, അഞ്ചാംക്ലാസിലെത്തിയിട്ട് എടുക്കാനോ, മോശം."

"പ്ലീസ് അമ്മ."

അമ്മ എന്നെയുമെടുത്ത് മുറിക്ക് പുറത്തിറങ്ങി. ഹാളിൽ അനിയനും ചേച്ചിയും അച്ഛനും. അച്ഛൻ കെട്ടിപ്പിടിച്ച് ഒരുമ്മ തന്നു. നാല് പേരും എന്നെ 'വിഷ്' ചെയ്ത് ഒരു അടിപൊളി ഗിഫ്റ്റ് തന്നു.

നീണ്ട ഒരു ബെല്ലടി. പെട്ടെന്ന് അവൾ ഞെട്ടിയുണർന്നു. സമയം അഞ്ചു മണി. അനാഥാലയത്തിന്റെ ചുമരുകളിൽ കണ്ട സ്വപ്നം വീണ്ടും തെളിഞ്ഞു വന്നു. ഇന്ന് എന്റെ പിറന്നാളാണ്. പക്ഷേ, അമ്മ..... അച്ഛൻ..... രണ്ടു തുള്ളി കണ്ണുനീർ ആ മിഴികളിൽ നിന്നും ഇറ്റി വീണു.

# "മാഷേ'

സാദിഖ് അലി . കെ . ടി

വല്ലാത്ത പിടച്ചിലോടെയാണ് വിനു ആ വീട്ടിലേക്കുള്ള പടിക്കെട്ടുകൾ കേറിയത്. മാഷുടെ മുഖത്തേക്ക് നോക്കുന്നതോർത്തപ്പോൾ തന്നെ അവന്റെ കാലുകൾ വിറക്കാൻ തുടങ്ങി. പേടിമാറ്റാനെന്നവണ്ണം അവൻ ചുറ്റും നോക്കി.

മുറ്റത്തിന് ചുറ്റും ചെറുതായി കെട്ടിയിരിക്കുന്നു. കെട്ടിനപ്പുറം പവിഴമല്ലി പൂത്തുനിൽക്കുന്നു. മരം നിറഞ്ഞ് കിടക്കുന്ന അവ മനസ്സിന് കുറച്ചാശ്വാസം പകർന്നു. കുറച്ചപ്പുറത്തായി അതിരിനോട് ചേർന്ന് കായ്ച്ച് നിൽക്കുന്ന ചാമ്പ. നല്ല ചുവന്ന് തുടുത്ത ചാമ്പക്കകൾ പണ്ട് ഇവിടെ വന്നപ്പോൾ പറിച്ചെടുത്തത് അവനോർത്തു.ഇവിടുന്നുമാത്രമെ തനിക്കതിന് കഴിയുമായിരുന്നുള്ളു. കയറിവന്നാൽ ആട്ടിയിറക്കാത്ത ഓരേയൊരിടം. ആട്ടിയിറക്കാതെ സ്നേഹം മാത്രം തന്ന ഒരേയൊരാൾ .

ഇപ്പോൾ പതിനഞ്ചു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇതിനിടെ ഒരിക്കൽ പോലും വന്നുകണ്ടില്ല. വരേണ്ടതായിരുന്നു. വല്ലാത്ത കുറ്റബോധംതോന്നി വിനുവിന്. നീണ്ട പതിനഞ്ച് വർഷങ്ങൾ . വിനു ദീർഘമായി നിശ്വസിച്ചു.

ഉമ്മറപ്പടി കയറി കോളിംഗ് ബെല്ലിൽ വിരലമർത്തി. മറുപടി എന്നോണം അകത്തുനിന്നും ഉച്ചത്തിലുള്ള ചുമയെത്തി. കൂടെ മാഷും

മാഷേ വിനു വിളിച്ചു. അവന്റെ ശബ്ദം ഇടറിയിരുന്നു.

"ആരാ, മനസ്സിലായില്ല "

മാഷേ ഞാനാ വിനു.

മാഷ് അൽപനേരം അവനെതന്നെ നോക്കിനിന്നു.

മേലേതിലെ

അതേ.

എവിടെയായിരുന്നേടോ താൻ, ഞാൻ എവിടെയെല്ലാം അന്വേഷിച്ചു. എന്തായാലും നീവന്നല്ലോ, മറന്നില്ലല്ലോ സന്തോഷം, ഇരിക്ക്.

മറന്നില്ല മാഷേ മറക്കില്ല എന്റെ ജിവനുള്ളിടത്തോളം .

അന്നു മാഷെന്റെ ജിവിതത്തിലേക്ക് വന്നില്ലായിരുന്നെങ്കിൽ ചിലപ്പോൾ ഞാനും.....

വിനുവിനു വാക്കുകൾ മുഴുമിക്കാനായില്ല.

മറന്നില്ലോടാ താനിതൊന്നും. വിനുവിനോട് ചേർന്നിരുന്നുകൊണ്ട് മാഷ് ചോദിച്ചു.

കള്ളന്റെ മകൻ എന്നവിളി എത്രയോതവണ കേട്ടു. കൂട്ടുകാർപോലും ഇല്ലാതിരുന്ന ബാല്യം അസുഖം മൂർച്ഛിച്ച അമ്മയെ ആശുപത്രിയിൽ കൊണ്ടോവാൻ എത്രപേരോട് കെഞ്ചി. അവസാനം എന്റെ മടിയിൽ കിടന്ന് അമ്മയും പോയി.

പിന്നീടങ്ങോട്ട് വാശിയായിരുന്നു. എല്ലാരൊടും എല്ലാത്തിനോടും. മനസ്സിനകത്ത് അണയാത്ത തീയുണ്ടായിരുന്നു ഒരു ലക്ഷ്യവും.

അല്ലങ്കിലും കള്ളന്റെ മകൻ പഠിച്ചിട്ടെന്താവാനാ - അവൻ കള്ളനല്ലെ ആവൂ എന്ന് പരിഹസിച്ചവർക്ക് മുമ്പിൽ ഒരിക്കൽ വന്ന് നിൽക്കണം അവരെക്കാൾ വലിയവനായി

അമ്മയുടെ മരണത്തോടെ നീ പഠനം ഉപേക്ഷിച്ചോ ? മാഷ് ഇടക്ക് കേറി ചോദിച്ചു.

ഇല്ല ഞാൻ പോയി കള്ളന്റെ മകൻ എന്ന വിളി കേൾക്കാത്തിടത്തേക്ക്. പഠനം ഞാൻ ഉപേക്ഷിച്ചില്ല. ഡിസ്റ്റൻസായി ഡിഗ്രിക്ക് ചേർന്നു. പകൽ സമയത്ത് ചെറിയ ജോലികൾ ചെയ്തു - രാത്രി ഇരുന്നു പഠിച്ചു. ഇതിനിടെ ഞാനൊരു പള്ളിയിലച്ചനെ പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം പി.എസ്.സി പരീക്ഷകൾക്ക് വേണ്ടി കൂടി പരിശ്രമിച്ചു.

ഇന്ന് ഞാനൊരു സർക്കാർ ഉദ്യോഗസ്ഥനാണ്. താലൂക്കാഫിസിലെ ക്ലാർക്ക്. ഇനി എനിക്കൊന്നു നടക്കണം, എന്റെ നാട്ടിലൂടെ .... ഒരിക്കൽ എന്നെ അവഗണിച്ച, അപമാനിച്ച എന്റെ നാട്ടുകാരുടെയിടയിലൂടെ, എന്നെ സ്നേഹിച്ച എന്നിൽ നന്മയുടെ വിത്ത് പാകിയ എന്റെ മാഷുടെ കൈപിടിച്ച് ....
പറഞ്ഞു നിർത്തി വിനുമാഷുടെ മുഖത്തേക്ക് നോക്കി.

മാഷ് വിനുവിനെത്തന്നെ നോക്കിനിൽക്കുകയായിരുന്നു.

മാഷേ, അന്നുഎല്ലാവരും എന്നെ കരയിച്ചപ്പോൾ മാഷ് മാത്രമാണ് എന്റെ കണ്ണീരൊപ്പിയത്, വിശപ്പകറ്റിയത്, സ്വാതന്ത്ര്യത്തോടെ എനിക്ക് കയറിവരാൻ ഒരിടം തന്നത്. അന്ന് മാഷ്ഇല്ലായിരുന്നെങ്കിൽ ഇന്ന് വിനുവും ഒരു കള്ളനായിതീർന്നേനെ. കള്ളന്റെ മകൻ മറ്റൊരു കള്ളൻ.

ഒന്ന് തലോടാൻ, സ്നേഹിക്കാൻ, തെറ്റ് തിരുത്തികൊടുക്കാൻ മാഷെപ്പോലെ ഒരാളുണ്ടായാൽ മതി. പിന്നെ ഒരുകുട്ടിയും പിഴച്ച്പോവില്ല.

വിനുവിന്റെ വാക്കുകൾ പതിഞ്ഞത് മാഷുടെ ഹൃദയത്തിലായിരുന്നു. അദ്ദേഹത്തിന്റെ കണ്ണിൽനിന്നും രണ്ടു തുള്ളി കണ്ണുനീർ ഒലിച്ചിറങ്ങി അത് – സന്തോഷത്തിന്റേതായിരുന്നു. ഒപ്പം അഭിമാനത്തിന്റെയും.

# ധ്രുവങ്ങൾ

ഇസ്മയിൽ പൂതനാരി

ചിലർ ആർട്ടിക്ക് ധ്രുവത്തിലാണ്
ചിലർ ആന്റാർട്ടിക്കിലും
ചിലർ ആർട്ടിക്കിൽനിന്ന്
അഗ്നി വഹിച്ച് അന്റാർട്ടിക്കിലേക്കും
തിരിച്ചും പറക്കുന്നു
ഇരു തലയും കത്തിജ്വലിക്കട്ടെ....
ചിലർ സമാധാന ദൂതുമായി
ആർട്ടിക്കിലുമന്റാർട്ടിക്കിലുമെത്തുന്നു.
അവരിൽ ചിലർ അറ്റ്ലാന്റിക്കിൽ
പതിച്ച് അപ്രത്യക്ഷരാവുന്നു.
ചിലരിതെല്ലാം നോക്കി പുഞ്ചിരി തൂകുന്നു
മറ്റു ചിലരൊ നിസ്സംഗരായി നിൽക്കുന്നു
ഞാനൊന്നുമറിഞ്ഞില്ല രാമനാരായണാ....

# World is not a Wish...

Raniya
9 G

My mind is wandering some where...

Where I can't go...

I feel so lonely...

Without them beside me...

My tears are falling...

But there is nobody to wipe...

The best days from my life..

Were removed forever..

Fate separated us.. but..

It couldn’t separate my heart...

Mentally I’m still there

With happiness surrounding me...

But now, I realized that...

World is not a wish...

Granding factory to

Make all my wishes come true.

# صبح

فاطمہ رن 8F

آیا آیا سورج آیا
صبح سویرے سورج آیا
کتنے اچھے پیارے نظّارے
کتنے کتنے نظّارے نیارے پیارے
کوّا آیا چڑیا آئی شور مچاتی آئی ہے
تلاش میں کھانوں کی بچوں کیلیے
صبح سویرے نکلتی ہے گھر سے
بچے انسان کے نکلتے ہیں صبح کو
خوشی ہے سب کیلیے صبح کو
نئے نئے خواب کھلتے ہیں صبح کو
نئ نئ امّید کی کرنیں ہیں صبح کو
ہر شے کیلیے خوشی ہے صبح کو

# ഓർമ്മകൾ

അംബിക ചക്കിങ്ങത്തൊടി

കാത്തു നിൽക്കാതെ കാലം കടന്നുപോയ്
ഓർത്തെടുക്കാൻ ശ്രമിക്കുന്നതിന് മുമ്പ്
ഓർമ്മയിൽ മാരിവില്ലുകൾ പൂത്തതും
ഓമനിക്കുവാൻ സന്ധ്യകൾ തീർത്തതും
വർണ്ണ വിസ്മയക്കാഴ്ചകൾക്കപ്പുറം
പൊൻമയിൽ പീലി രാജികൾ പെറ്റതും
കരള് പൊള്ളി കുമിളിച്ച നോവുകൾ
കനലുപോലെ പുകഞ്ഞു
മാഞ്ഞിടിലും.
ഓളമായ് വീണ്ടുമെത്തി നോക്കുന്നവ
ഓർത്തെടുക്കുവാനാവാതെയിപ്പഴും

# उस शक्ति की आस

जय श्री

समीर की मंद मंद बहार
जब डोलते तन मन मेरे
कभी रूद्र क्रुद्ध रूप में
और कभी शांत सुकोमल
भावों को दबाने की चेष्टा में
पर हाय असफल होते कैसे ?
दुख में डूबे रहते जैसे
माया के चंगुल में फंसे जैसे
छिपे छिपे तू फासता कैसे
मन मंदिर के भीतर कमरे
खोल देख अनभिज्ञ से
दिखाते क्यों इतना सताते सताते?

अनश्वर, दिखा दो मार्ग अपने
धाम का जहां पहुंचने की प्यास
तड़प लगी मेरे ह्रदय में बरसों से
तेरे करीब पहुंचने और पाने
शांति संतोष सच्चे माने के
कितनी आस से बरसों से तलाश?
तेरी डोर में लटके हम सब
मैं क्या, प्राणी चाहे जो हो
अद्भुत किसी के वश में जैसे
सोचते, पर जो करने में असफल
बंधे हाथ कठपुतली से
! कितने अद्भुत कितने रहस्यमय

# تعجبت بالامرين

محمد علي

وكنت امر بين دكاكين في السوقواثنائها صادفت على لائحه الاعلان. لاحظت اليه, فقرات تلك الكلمات هكذا..... فقد كلبي "تومي" في الاسبوع الماضي, ومن يعثر عليه ينتظر تحفه ثمينه. ورايت الناس اجتمعوا حول لائحه الاعلان مع حزن شديد... وفي اليوم التالي خرجت الى السوق فشاهدت هناك شاب مجروح في شارع ومنه يسيل الدماء كثيرا. وهو تعبان جدا, ولا يقدر على القيام. وهو ينادي للنجده ! يسير الناس الى هنا وهناك ....لا يستمع اليه اي انسان

# ആരാണ ശരികൾ

അംബിക ചക്കിങ്ങത്തൊടി

ആരാണ ശരികളെന്നാരു പറയുമീ -
ന്നാരെയും ശങ്കിച്ചിടാതെ ?
ഒറ്റക്കരുത്തിലീ ഹൃത്തടം ഭേദിച്ച്
പ്രാണനെ ക്കട്ടെടുത്തോരാരോ ?
ദേവാലയത്തിലെ ദേവാങ്കണത്തിലും
മദമാംസ രുചിയറിഞ്ഞോരാരോ ?
പശി തീർത്ത കള്ളനെ പാശം മുറുക്കിയ
മന്ദരാം മധുപാനിമാരോ ?
ജീവീച്ച തീർന്നിടാൻ ജോലികൾ തീർക്കുന്ന
ഹാസം ഹനിച്ചിട്ടുന്നോരാരോ ?
സ്വപനങ്ങൾ ബാക്കിവെക്കാതെ നിർജ്ജീവനായ്
ശ്രീജിതരെ സൃഷ്ടിക്കുവോരാരോ ?
ആരാണ ശരികളിന്നാരാലുമറിയാതെ
മുമ്പേ കടന്നു പോയോരാരോ ?

# لصفحه الاخيره

عيسى بي وي

في دفتر ابنتي
التي تدرس في الصف السابع
في الصفحه الاولى
رسمت صورت هره
تشرب الحليب من الاناء
لان ابنتي تحب الهره
وفي الصفحه الثانيه
رسمت صوره بطه
التي تسبح في بركه
لان ابنتي تحب البطاط
وفي الصفحه الثالثه
رسمت فوق زهره جميله
فراشه رائعه
لان ابنتي تحب الفراشات
وفي الصفحه الرابعه
رسمت حقلا واسع
ا تميل فيه السنابل
وكذا في الصفحه الخامسه
رسمت بستانا جميل
ا فيها ازهار ملونه
هكذا رسمت كل صفحه
حتى وصلت الصفحه الاخيره
رسمت فيها طفله صغيره
تسيل الدموع من عينيها
.فقلت له:من هذه يا ابنتي
فقالت: هي البنت التي قتلت امها
و ابوها في السجن هو الذي قتلها

# بارش

فاطمہ نہالہ 8F

رم جھم کہ کر بارش آئی

بہت ہے پانی بارش لآئی
بارش جب آئی بچے خوشی سے
دیکھ رہے ہیں بارش خوشی سے
بارش کو رنگ تو نہیں
لیکن میٹھی آواز ہے
بچو تم یاد رکھو
خدا کی نعمت ہے بارش
بچو تم باش کو دیکھو
کتنا واہ واہ ا منظر ہے
بچو تم یہ سنیے
بادل کی میٹھی آواز سنیے
بچو تم یاد کرو
خدا کی نعمت ہے بارش
بچو تم حفاظت کرو
بار بار پانی کی حفاظت کرو

# കാത്തിരിപ്പ്

സുജ.എം

അന്തരാത്മാവിൻ
അകത്തളങ്ങളിൽ
കദനമാം കാർമുകിൽ
പെയ്തിറങ്ങവേ...
തിരയുന്നു ഞാനൊരു
പുൽക്കൊടിക്കായ്,
ഒരു താങ്ങായ്
തണലായി കുളിർ -
തെന്നലായ് തഴുകുവാൻ..
പെയ്തിറങ്ങി തളം കെട്ടിയ
കദനക്കയങ്ങളെ-
കടലാസുതോണിയിലാക്കി
കടലാഴത്തിലേയ്ക്ക്
ഒഴുക്കിയില്ലെഞാൻ
എന്നിട്ടും അണയുന്നുവോ
നീ തിരികെ പലപ്പൊഴും
ക്ഷണിക്കാതെ
എത്തുന്നു നീ..
പെയ്തിറങ്ങുന്നു നീ....
മോഹമായ്...
മോഹഭംഗമായ്..
മഴയെക്കാത്ത മണ്ണിന്റെ
കോരിത്തരിപ്പ്
ഞാനറിയുന്നു
കൊതിക്കുന്നിതെന്നും
മഴയാൽ പുണരുന്ന
മണ്ണിന്റെ സുഖം
ചിറകറ്റ സ്വപനങ്ങൾ , മുറിവേറ്റ കിനാക്കൾ..
പിന്നെ -
ചിറകേറ്റി വിട്ടയച്ച
കദനങ്ങൾ..
എല്ലാം കാലം കാത്തുവെച്ച
വിധിക്കുട്ടോ..അതോ
കാത്തിരുന്ന പ്രത്യാശതൻ
നിധിക്കുട്ടോ....

# ലിറ്റിൽ കൈറ്റ്സ് - ഐ. ടി. ക്ലബ്ബ് ഉദ്ഘാടനം




മഞ്ചേരി ഗവ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രവർത്തനം തുടങ്ങി. ഐ ടി രംഗത്തെ മികവ് ഉണ്ടാക്കൽ, അനിമേഷൻ, ഇലക്ട്രോണിക്സ് ,മൊബൈൽ ആപ്പ് നിർമാണം എന്നിവയിൽ പരിശീലനം ഹൈടെക് ക്ലാസ് മുറികളുടെ പരിപാലനം തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രധമാധ്യാപകൻ ബിന്ദേശ്വർ പി എ ഉദ്ഘാടനം ചെയ്തു. സി എം മുഹമ്മദ് ബഷീർ, കെ. ടി സാദിഖലി, ആമിന ബിഗം കെ. എം., അബ്ദുൽറസാഖ് കെ. ഇസ്മയിൽ പൂതനാരി, അഹമ്മദ് കുട്ടി എം. സുജ എം. തുടങ്ങിയവർ സംസാരിച്ചു

# എസ്. എസ്. എൽ. സി 100 % വിജയാഘോഷം











**കഥ, കവിത ശിൽപശാല**

പാപ്പച്ചൻ കടമക്കുടി

**റെഡ് ക്രോസ്സ്**





**നൈറ്റ് ക്ലാസ്സ്**

**എസ്. എസ്. എൽ. സി**

**ഒരുക്കം  ഗണിത ശാസ്ത്ര മേള**



## വിശിഷ്ടാതിഥി

### കർണ്ണാടക മന്ത്രി ബഹു: യു.ടി ഖാദർ – സ്കൂൾ സന്ദർശനം



### പഠനോത്സവം – ഉദ്ഘാടനം




ഹിന്ദി അധ്യാപക മഞ്ച്



## സ്കൂൾ പാർലിമെന്റ് അംഗങ്ങൾ




## യൂത്ത് പാർലിമെന്റ് മത്സരം







## ദൃശ്യക്കുള്ള ചികിത്സ സഹായ ഫണ്ട് കൈമാറുന്നു



## കിഡ്നി രോഗിക്കുള്ള സഹായ ധനം കൈമാറുന്നു



# വരകളിലൂടെ .......



FATHIMA SHIFA



FATHIMA SHIFA



FATHIMA AMAN K K



FATHIMA DILNA



FATHIMA JINSHIDA M




FATHIMA HENNA K K







ലോക ഭിന്നശേഷി ദിനാചരണം



# സ്കൗട്ട് & ഗൈഡ്സ്





പ്രളയ ബാധിതർക്ക്
ഒരു കൈ സഹായം



## പുരാവസ്തു പ്രദർശനം





## സെറി കൾച്ചർ - നേർക്കുനേർ



## പിങ്ക് ടോയിലറ്റ്

**<u>ആധുനിക രീതിയുലുള്ള ടോയിലറ്റ് കം വാഷ് റൂം</u>**



## കരാട്ടേ പരിശീലനം.







റേഡിയോ ജോക്കി



ബഹു: എം. ഉമ്മർ എം. എൽ. എ
അനുവദിച്ച സ്കൂൾ ബസ്സ് ഫ്ലാഗ്
ഓഫ് ചെയ്യുന്നു.

## സ്കൂൾ ബാന്റ് ടീം





സ്കൂൾ ഭൗതിക വികസനത്തിന് ആനുവദിച്ച 3 കോടി രൂപയുടെ പ്രൊജക്ട് തയ്യാറാക്കാൻ എം. ഉമ്മർ എം.എൽ.എ. യും കിറ്റ്കോ ടീം മുനിസിപ്പൽ അധികൃതരുമായുള്ള ചർച്ച.





സ്കൂൾ പ്രീ-പ്രൈമറി ക്ലാസ്സ്

## യു. എസ്. എസ് സ്കോളർഷിപ്പ് വിജയികൾ




## NUMATS വിജയികൾ





## നന്ദി......

വിവര സാങ്കേതിക വിദ്യഭ്യാസ രംഗത്ത് വിപ്ലവാത്മകമായ മാറ്റം സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരമൊരു മാഗസിന്റെ പ്രാധാന്യം വളരെ വലുതാണ്. ഐ.ടി. ക്ലബ്ബ് അംഗങ്ങൾ നടത്തിയ പരിശ്രമത്തിന്റെ ഫലമാണ് ഈ ഡിജിറ്റൽ മാഗസിൻ. കഴിഞ്ഞ വർഷം സ്കൂളിൽ നടന്ന മുഴുവൻ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. ലിറ്റിൽ കൈറ്റ്സിന്റെ പ്രഥമ പ്രവർത്തനം എന്നനിലക്ക് ഈ സംരഭം വളരെ പ്രോത്സാഹനാജനകമാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വളരെയധികം നന്ദി രേഖപ്പെടുത്തുന്നു.

**അബ്ദുൽ റസാഖ് കെ .**

**എസ്.ഐ.ടി.സി.**